ലഭിക്കുന്നതിന് കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലെന്നും സേവനങ്ങൾ നൽകുന്നതിനു വേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ, അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപനപ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും 15-11-2014-ലെ 16203/എ.ആർ.12(1)/2013/ഉ.ഭ.പ.വ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

നാഷണൽ ഗ്രീൻ ട്രിബ്യൂണൽ

141 (1967) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ സർക്യൂട്ട് ബഞ്ച് കേരളത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയാണ് ആരംഭിച്ചതെന്നും എന്നു മുതലാണ് ആരംഭിച്ചതെന്നും വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ട്രിബ്യൂണലിന് പരാതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ;

(ഡി) ട്രിബ്യൂണലിന്റെ സർക്യൂട്ട് ബഞ്ച് ആരംഭിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ?

ഉത്തരം

(എ-ഡി) കേരള ഹൈക്കോടതിയോട് അനുബന്ധിച്ച് നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ സർക്യൂട്ട് ബഞ്ച് ആരംഭിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഹൈക്കോടതിയുമായി കൂടിയാലോചിച്ച് സർക്കാർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെ ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഒരു മാസത്തിലെ ഒന്നും, നാലും ആഴ്ചകളിലായിരിക്കും ബഞ്ച് പ്രവർത്തിക്കുക പഴയ ഹൈക്കോടതിയുടെ ഹാൾ നമ്പർ VII ക്യാമ്പ് സിറ്റിംഗിനായി ഉപയോഗിക്കുന്നതാണ്. കൂടാതെ മെമ്പർമാർക്കുള്ള ചേമ്പറും ഓഫീസ് പ്രവർത്തിക്കുന്നതിനുള്ള സൗകര്യവും അനുവദിച്ച് നൽകിയിട്ടുണ്ട്. സ.ഉ. (സാധാ. നമ്പർ 2497/2015/ആഭ്യന്തരം തീയതി 3-10-2015 പ്രകാരം ട്രിബ്യൂണലിന്റെ പ്രവർത്തനത്തിനാവശ്യമായ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകുകയും ആയത് വാങ്ങുന്നതിനുള്ള നടപടി ഹൈക്കോടതി സ്വീകരിച്ചുവരികയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly